## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5803** **27.10.2011- ൽ മറുപടിയ്ക്ക്**

## കൃഷിയിടത്തിലെ വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എവിടെയെല്ലാം എത്ര ഹെക്ടർ സ്ഥലത്ത് കൂടുതലായി കൃഷി ചെയ്തിട്ടുണ്ട്; | (എ). 1. ഈ സർക്കാർ അധികരാമേറ്റശേഷമുള്ള ആദ്യത്തെ സീസൺ കഴിഞ്ഞു വരുന്നതേയുള്ളൂ. ആയതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നാൽ കൃഷി വകുപ്പു മുഖേന നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതികളിലുൾപ്പെടുത്തി 485 ഹെക്ടർ സ്ഥലത്ത് കൂടുതലായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്.<br>2. 2011-2012 വർഷം നെൽക്കൃഷി മേഖലയിൽ വിസ്തൃതി വർദ്ധിപ്പിച്ച് ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിനായി തരിശ്ഭൂമി നെൽക്കൃഷിയുടെ വിസ്തീർണ്ണം, സുസ്ഥിര നെൽക്കൃഷി വികസന പദ്ധതി പ്രകാരം 3000 ഹെക്ടറും സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം 750 ഹെക്ടറും വർദ്ധിപ്പിക്കുന്നു. ഇതിനു പുറമെ സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം പുതുതായി 8000 ഹെക്ടർ സ്ഥലത്ത് കര നെൽകൃഷി വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും 2011-2012 വർഷം ലക്ഷ്യമിടുന്നു. പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇവിടെ ഏതൊക്കെ കൃഷിയാണ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കരനെൽ കൃഷി ഉൾപ്പെടെയുള്ള നെൽകൃഷി, പച്ചക്കറി എന്നിവയാണ് കൃഷി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്.<br>1. തരിശു കിടക്കുന്ന നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതു വഴി 3750 ഹെക്ടറിലും പുരയിടങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതു വഴി 8000 ഹെക്ടറിലും നെൽകൃഷി പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട്.<br>2. നാടൻ പച്ചക്കറി ഇനങ്ങളാണ് അധികമായി കൃഷി ചെയ്തിട്ടുള്ളത്. ചെറിയ തോതിൽ ശീതകാല ഇനങ്ങളും കൃഷി ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.